കന്നുകാലികൾക്ക് കുളമ്പുരോഗബാധ

91 [420] ശ്രീ. സി. ടി. അഹമ്മദ് അലി:
" പി. കെ. കെ. ബാവ:
" കെ. എൻ. എ. ഖാദർ:
" കളത്തിൽ അബ്ദുള്ള:
" യു. സി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലികൾക്ക് കുളമ്പുരോഗബാധയെത്തുടർന്ന് കഴിഞ്ഞ വർഷം എത്ര ഉരുക്കൾ ചത്തുപോയിട്ടുണ്ട്;

(ബി) ഏതെല്ലാം ജില്ലകളിലാണ് രോഗബാധ കൂടുതലായിട്ടുണ്ടായിട്ടുള്ളത്; അവിടെയെല്ലാം കർഷകർക്കുണ്ടായ നഷ്ടം എത്രയാണ്;

(സി) കുളമ്പുരോഗബാധയ്ക്കെതിരായ കുത്തിവയ്പ് നടത്താൻ സംസ്ഥാനത്തിന് എന്തു രൂപ ചെലവാകും എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിലേക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ച സഹായം എത്ര?

ഉത്തരം

(എ) 2003-04-ൽ 86 ഉരുക്കൾ ചത്തുപോയിട്ടുണ്ട്.

(ബി) ആലപ്പുഴ, കൊല്ലം, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിലാണ് ഏറ്റവും കൂടുതൽ രോഗബാധ ഉണ്ടായിട്ടുള്ളത്; ആലപ്പുഴ ജില്ലയിൽ 90,00,000 രൂപയ്ക്കും, കൊല്ലം ജില്ലയിൽ 20,00,000 രൂപയ്ക്കും എറണാകുളം, മലപ്പുറം എന്നീ ജില്ലകളിൽ 4,50,000 രൂപാ വീതവും നഷ്ടം ഉണ്ടായിട്ടുണ്ട്.

(സി) കുത്തിവയ്പിലേക്ക് ഒന്നാംഘട്ടം 969 ലക്ഷം രൂപയും തുടർന്നുള്ള ഓരോ വർഷങ്ങളിലും 675 ലക്ഷം രൂപ വീതവും ചെലവു പ്രതീക്ഷിക്കുന്നുണ്ട്.

(ഡി) കേന്ദ്ര ഗവൺമെന്റിൽനിന്നും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എന്നീ മൂന്നു ജില്ലകളിൽ മാത്രം കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ആവശ്യമുള്ള വാക്സിൻ, 6 റഫ്രിജറേറ്റുകൾ എന്നിവ സൗജന്യമായി ലഭിച്ചു. പദ്ധതി നടത്തിപ്പിനാവശ്യമായ മറ്റു സാധന സാമഗ്രികൾ (സിറിഞ്ച്, സൂചി, വാക്സിൻ കൊണ്ടുപോകാനുള്ള ഐസ് ബാഗുകൾ, അയോഡിൻ, മറ്റു അത്യാവശ്യ മരുന്നുകൾ) വാങ്ങുക, അനിമൽ ഹെൽത്ത് കാർഡുകൾ, ലീഫ്ലറ്റുകൾ, പോസ്റ്ററുകൾ മറ്റു പബ്ലിസിറ്റി മെറ്റീരിയൽ എന്നിവ പ്രിന്റുചെയ്യുക, മൈക്ക് അനൗൺസ്മെന്റ്, വാക്സിനേഷൻ, ടീമിന്റെ യാത്രാസൗകര്യം എന്നീ കാര്യങ്ങളുടെ ഒരുക്കത്തിനായി 2003-04 വർഷത്തിൽ 41 ലക്ഷം രൂപ കേന്ദ്ര സർക്കാർ ധനസഹായമായി ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly